ഭരണഭാഷ-മാതൃഭാഷ

സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, തിരുവനന്തപുരം
E-Mail - ccsasection@gmail.com

150 YEARS OF CELEBRATING THE MAHATMA

നം. (സി.എസ്) എ.10 – 516/2020 തീയതി : 13.04.2020

സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്നും

എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർ/
മാനേജർ എൻ.എഫ്.എസ്.എ/
താലൂക്ക് സപ്ലൈ ഓഫീസർമാർ/
സിറ്റി റേഷനിംഗ് ഓഫീസർമാർക്കും

സർ,

വിഷയം – പൊതുവിതരണം –കോവിഡ് 19 – പലവ്യഞ്ജന കിറ്റ് വിതരണം- പോർട്ടബിലിറ്റി അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന – 13.04.2020-ലെ 4342357/ഡി2/2020/ഭ.പൊ.വി.വ നമ്പർ കത്ത്.

.......................................

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കടകൾ വഴി അതിജീവന കിറ്റ് വിതരണം ചെയ്തു വരുന്ന പദ്ധതിയിൽ റേഷൻ കടകളിലെ പോർട്ടബിലിറ്റി സംവിധാനം ഒഴിവാക്കിയിരുന്നു. എന്നാൽ തൊഴിൽ , ചികിത്സ തുടങ്ങിയ നിരവധി കാരണങ്ങളാൽ സ്വന്തം റേഷൻ കട സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ നിന്നും മാറി താമസിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. നിലവിലെ ലോക്ക് ഡൗൺ സാഹചര്യത്തിൽ സ്വന്തം റേഷൻ കടയിൽ നിന്നും കിറ്റ് വാങ്ങുന്നതിന് കഴിയാത്ത സാഹചര്യമുണ്ട്. ആയതിനാൽ ഇതോടൊപ്പമുൾക്കൊള്ളിച്ചിട്ടുള്ള സത്യപ്രസ്താവന നയ്യാറാക്കി ഇപ്പോൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർമാരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി തൊട്ടടുത്ത റേഷൻ ഡിപ്പോയിൽ നിന്നും അതിജീവന കിറ്റ് വാങ്ങുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേയ്ക്ക് ആവശ്യമായ കിറ്റ് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
റേഷനിംഗ് കൺട്രോളർ
//അംഗീകാരത്തോടെ //

അസിസ്റ്റന്റ് സെക്രട്ടറി -2

ഉള്ളടക്കം:- സത്യവാങ്മൂലത്തിന്റെ മാതൃക
പകർപ്പ്:- ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ (സൗത്ത്)
ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ( നോർത്ത്)

# സത്യവാങ്മൂലം

റേഷൻ കാർഡുടമയുടെ പേര് :

റേഷൻ കാർഡ് നമ്പർ :

റേഷൻ കാർഡിലെ വിലാസം :

ഇപ്പോൾ താമസിക്കുന്ന വിലാസം :

സമീപ റേഷൻ കടയുടെ നമ്പർ :

ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ

തദ്ദേശ സ്വയം ഭരണ സ്ഥാപനം :

വാർഡ് മെമ്പർ / കൗൺസിലറുടെ പേര് :

കോവിഡ്-19 കാരണം ഞാൻ നിലവിൽ താമസിക്കുന്ന സ്ഥലത്ത് നിന്ന് എന്റെ റേഷൻ കട സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് യാത്ര ചെയ്യാൻ പറ്റാത്ത സാഹചര്യം നിലവിലുള്ളതിനാലാണ് സർക്കാർ പ്രഖ്യാപിച്ച പലവ്യഞ്ജന കിറ്റ് ഞാൻ താമസിക്കുന്നസ്ഥലത്തിന് സമീപമുള്ള റേഷൻ കടയിൽ നിന്നും വാങ്ങുന്നത്. ഇത് ശരിയും സത്യവുമാണെന്ന് ഇതിനാൽ പ്രസ്താവിക്കുന്നു.

ഒപ്പ് :

പേര് :

മേൽ പറഞ്ഞ സത്യവാങ്മൂലകർത്താവ് ഞാൻ പ്രതിനിധാനം ചെയ്യുന്ന വാർഡിലാണ് ഇപ്പോൾ താമസിക്കുന്നതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

വാഡ് മെമ്പർ / കൗൺസിലർ.